ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
(ഹാജർ:-എം.സി.മോഹൻദാസ് ഐ.എ.എസ്)
പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)

20227

എൽ.ആർ(എ)3-44055/12 തീയതി.12-08-2014

23 AUG 2014

വിഷയം:-കേരളമുദ്രപ്പത്രനിയമം 54(1)-എറണാകുളം ജില്ലാ രജിസ്ട്രാർ (ജനറൽ)-ന്റെ ഉത്തരവിനെതിരായ അപ്പീൽ ഹർജി-തള്ളി ഉത്തരവാകുന്നത്-സംബന്ധിച്ച്

പരാമർശം:- 1. ശ്രീ.ടി.പി.രാധാകൃഷ്ണൻ (സെക്രട്ടറി FACT മാനേജിരിയൽ സ്റ്റാഫ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി)-യുടെ 16-10-12-ലെ അപ്പീൽ ഹർജി
2. എറണാകുളം ജില്ലാ രജിസ്ട്രാർ (ജനറൽ)ന്റെ 21-03-12-ലെ ഐ.എൻ.എസ്(2)-724/12- ാം നം നടപടിക്രമം
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 09-09-13-ലെ RR4-13370/13- ാം നം റിപ്പോർട്ട്

എറണാകുളം ജില്ലാ രജിസ്ട്രാറുടെ (ജനറൽ) പരാമർശം (2) ഉത്തരവിനെതിരെയാണ് പരാമർശം (1) പ്രകാരം അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളത്.

അപ്പീലും അനുബന്ധങ്ങളും കൂടാതെ പരാമർശം (3) പ്രകാരം ലഭിച്ച രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ടും പരിശോധിക്കുകയുണ്ടായി 23-07-14-ലെ വിചാരണവേളയിൽ സെക്രട്ടറി ഹാജരായി.

കേരള മുദ്രപ്പത്രനിയമം 54(1) വകുപ്പ് പ്രകാരം ടി നിയമത്തിലെ 4, 5 അദ്ധ്യായങ്ങൾ ജില്ലാ രജിസ്ട്രാർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ സംസ്ഥാന സരക്കാരിന്റെ നിയന്ത്രണത്തിന് വിധേയമാണ്. 1996-ലെ റവന്യൂ ബോർഡ് അബോളിഷൻ ആക്റ്റ് 4- ാം വകുപ്പ് പ്രകാരം ടി അധികാരം വിജ്ഞാപനം മുഖേന ലാന്റ് റവന്യൂ കമ്മീഷണറിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതുമാണ്. എസ്.ആർ.ഒ. നമ്പർ 530/98 പ്രകാരം കേരള മുദ്രപ്പത്ര നിയമത്തിലെ 54, 55, 58 വകുപ്പുകൾ പ്രകാരമുള്ള അധികാരമാണ് ലാന്റ് റവന്യൂ കമ്മീഷണറിൽ ഇപ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ളത്. ഇവിടെ വകുപ്പ് 31 പ്രകാരം എറണാകുളം ജില്ലാ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (2) ഉത്തരവിനെതിരെയാണ് അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളത്.

# ഉത്തരവ്

കേരള മുദ്രപ്പത്ര നിയമം 1959 വകുപ്പ് 31 പ്രകാരമുള്ള ജില്ലാ രജിസ്ട്രാറുടെ തീർപ്പ് അന്തിമവും അപ്പീൽ വിധേയമല്ലാത്തതുമാണ്. ആകയാൽ പരാമർശം (1) പ്രകാരമുള്ള അപ്പീൽ തള്ളി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
കമ്മീഷണർ

ശ്രീ.ടി.പി.രാധാകൃഷ്ണൻ
സെക്രട്ടറി, FACT മാനേജിരിയൽ സ്റ്റാഫ് ഹൗസ്
കൺസ്ട്രക്ഷൻ സൊസൈറ്റി LTD No-E-243
ശാന്തിനഗർ (അനക്സ്) രാജഗിരി പി.ഒ
സൗത്ത് കളമശ്ശേരി പിൻ-683104

പകർപ്പ്:-1. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം (RR4-13370/13)
2. ജില്ലാ രജിസ്ട്രാർ (ജനറൽ) എറണാകുളം
(INS (2) 724/12)
3 ഫയൽ/അധികം

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്.

പുറത്തെഴുത്ത്നമ്പർ RR.4-13370/13

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ കാര്യാലയം
തിരുവനന്തപുരം തീയതി 27/08/14

ഉത്തരവിന്റെ പകർപ്പ് അറിവിനും അനന്തരനടപടികൾക്കുമായി അയക്കുന്നു.ആയത് എല്ലാ സബ് രജിസ്ട്രാർമാർക്കും അറിവിലേയ്ക്കായി അയച്ചുകൊടുക്കേണ്ടതാണ്.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി

To,
എല്ലാ ജില്ലാ രജിസ്ട്രാർമാർ
ഡി.ഐ.ജി.മാർ